## പെൻഷൻകാരുടെ ശ്രദ്ധയ്ക്ക്

പത്താം ശമ്പള കമ്മീഷന്റെ ശുപാർശകൾക്ക് അനുസൃതമായി സംസ്ഥാന പെൻഷകാരുടെ പെൻഷൻ ധനകാര്യ വകുപ്പിന്റെ 20.01.16-ലെ 9/16/ധന എന്ന സർക്കാർ ഉത്തരവ് പ്രകാരം പരിഷ്ക്കരിക്കുകയുണ്ടായി. ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റുന്നവരിൽ പെൻഷൻ പരിഷ്ക്കരിക്കുന്നതിനു വേണ്ടി അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് ആശയ കുഴപ്പം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റുന്ന വ്യക്തികൾ പെൻഷൻ പരിഷ്ക്കരണത്തിനുള്ള അപേക്ഷയുടെ പൂരിപ്പിച്ച 3 പകർപ്പുകൾ ബന്ധപ്പെട്ട ബാങ്കുകളിൽ സമർപ്പിക്കേണ്ടതാണ്. ബാങ്കുകൾ അപേക്ഷകൾ ലഭിച്ചാലുടൻ സർക്കാർ നൽകിയിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ ആവശ്യമായ രേഖപ്പെടുത്തലുകളോടെ മാനേജർ സാക്ഷ്യപ്പെടുത്തിയതിനു ശേഷം പെൻഷണർ സമർപ്പിച്ച അപേക്ഷയുടെ 3 പകർപ്പുകൾ സഹിതം ഏറ്റവും അടുത്തുള്ള ട്രഷറിയിൽ ഏൽപ്പിക്കേണ്ടതാണ്.ട്രഷറി അധികാരികൾ പെൻഷൻ പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനു ശേഷം പരിഷ്ക്കരിച്ച പെൻഷൻ തുക ബന്ധപ്പെട്ട ബാങ്ക് അധികാരികളെ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പെൻഷൻ ബാങ്കു വഴി വിതരണം ചെയ്യുന്നതുമാണ്.പെൻഷൻ പരിഷ്ക്കരണത്തിനുള്ള അപേക്ഷയുടെ മലയാള പരിഭാഷ ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (**www.finance.kerala.gov.in**) ലഭ്യമാണ്.